"ഭരണഭാഷ – മാതൃഭാഷ"

നം. ICDS B4/13209/18

വനിതാ ശിശുവികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം.
ഫോൺ : 0471-2346508
ഇ-മെയിൽ swdicds@gmail.com
തിയതി : 21.05.2019

## <u>പരിപത്രം</u>

വിഷയം : വനിതാ ശിശുവികസന വകുപ്പ് – ഐ.സി.ഡി.എസ് – അങ്കണവാടി ജീവനക്കാര്യം – വർക്കർ , ഹെൽപ്പർമാരുടെ നിയമന നടപടികൾ ആരംഭിക്കുന്നത്- സംബന്ധിച്ച്.

സൂചന : 1) സ.ഉ(സാധാ) നം. 254/2018/സനീവ തീയതി: 30-04-2018
2) ഈ കാര്യാലയത്തിലെ 30.01.2019 തീയതികളിലെ ഇതേ നമ്പർ പരിപത്രം
3) സർക്കാർ കത്ത് നം. സാനീവ ബി2/290/2018/സനീവ തീയതി: 30.04.2019

അങ്കണവാടി ജീവനക്കാരുടെ സീനിയോറിറ്റി മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച മേൽ സൂചന (1) ഉത്തരവിൽ ബഹു: ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ ഒന്നും തന്നെ നടത്തരുതെന്ന് സൂചന (2) ലെ പരിപത്രം പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 07.03.2019- ൽ പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്ത് ബഹു ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായം അനുസരിച്ചുള്ള നിയമന നടപടികൾ ലോകസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് ആരംഭിക്കുവാൻ മേൽ സൂചന (3) പ്രകാരം സർക്കാർ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ലോകസഭാ ഇലക്ഷൻ പെരുമാറ്റച്ചട്ടം അവസാനിക്കുന്ന മുറയ്ക്ക് സൂചന (1) -ലെ വ്യവസ്ഥകൾക്ക് വിധേയമായി നിയമന നടപടികൾ ആരംഭിക്കേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി

1) എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
2) എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
3) എല്ലാ സൂപ്പർവൈസർമാർക്കും
4) സ്റ്റോക്ക് ഫയൽ

9101
3/5/18

219

കേരള സർക്കാർ

സംഗ്രഹം

വനിതാ ശിശു വികസന വകുപ്പ്- സംയോജിത ശിശു വികസന പദ്ധതി - അംഗൻവാടി വർക്കർ തസ്തികയിലേയ്ക്കുള്ള ഹെൽപ്പർമാരുടെ 25% സ്ഥാനകയറ്റം സംബന്ധിച്ചും അംഗൻവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി വിട്ടു നൽകുന്നവർക്കും അവരുടെ ആശ്രിതർക്കുള്ള നിയമനം സംബന്ധിച്ചുള്ള ഉത്തരവുകളിലെ അപാകത പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(സാധാ)നം.254/2018/സാനീവ തീയതി, തിരുവനന്തപുരം30.04.2018

---

പരാമർശം: (1) കേന്ദ്ര വനിതാ-ശിശു വികസന വകുപ്പ് മന്ത്രാലയത്തിന്റെ 06.10.2006 ലെ എഫ്.നമ്പർ.1-9/2006-CD-1 നമ്പർകത്ത്

(2) സ.ഉ(എം.എസ്) നം.02/2007/സാക്ഷേവ,തീയതി 06/01/2007

(3) സ.ഉ(എം.എസ്) നം.83/2010/സാക്ഷേവ,തീയതി 26/11/2010

(4) സ.ഉ(എം.എസ്) നം.05/2012/സാക്ഷേവ,തീയതി 30/01/2012

(5) സ.ഉ(എം.എസ്) നം.74/2012/സാക്ഷേവ,തീയതി 22/12/2012

(6) സാമൂഹ്യനീതി ഡയറക്ടറുടെ സർക്കുലർ നം.ICDS.B4-4371/2016. തീയതി14.11.2016

(7)വനിതാ ശിശു വികസന ഡയറക്ടറുടെ 28.02.2018 ലെ ഐ.സി.ഡി.എസ് ബി4-4810/2018 നമ്പർ കത്ത്.

(8)06.03.2018 ൽ അംഗൻവാടി ജീവനക്കാരുടെ വിവിധ സംഘടനകളുമായി ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി നടത്തിയ യോഗത്തിന്റെ നടപടികുറിപ്പ്

(9)വനിതാ ശിശു വികസന ഡയറക്ടറുടെ 26.04.2018 ലെ ഐ.സി.ഡി.എസ് ബി4-5058/2018 നമ്പർ കത്ത്.

**ഉത്തരവ്**

അംഗൻവാടി വർക്കർ തസ്തികയുടെ 25% നിശ്ചിതയോഗ്യതയുള്ള ഹെൽപ്പർമാർക്കായി നീക്കിവെയ്ക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരമുള്ള കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശത്തിലും പരാമർശം (5) പ്രകാരമുള്ള ഉത്തരവിലും നിഷ്കർഷിച്ചിരുന്നു. അംഗൻവാടി വർക്കർ തസ്തികയുടെ 25% നിശ്ചിത യോഗ്യതയുള്ള ഹെൽപ്പർമാർക്ക് നീക്കിവെയ്ക്കുന്നതുമൂലം വർഷങ്ങളായി സെലക്ഷൻ/ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട് താല്ക്കാലിക അംഗൻവാടി വർക്കർമാർക്ക് സ്ഥിരനിയമനം ലഭിക്കുവാനുള്ള സാധ്യത വിരളമാണെന്ന ആക്ഷേപം നിലനിൽക്കുന്നുവെന്നുമാത്രമല്ല, താരതമ്യേന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള സെലക്ഷൻ/ സീനിയോരിറ്റി ലിസ്റ്റിൽപ്പെട്ടവർക്ക് സ്ഥിരനിയമനം ലഭിക്കാതിരിക്കുകയും പത്താംതരം തുല്യതമാത്രം യോഗ്യത നേടിയവർ വർക്കറായി നിയമനം ലഭിക്കുകയും ചെയ്യുമ്പോൾ അംഗൻവാടി പ്രവർത്തനങ്ങളുടെ ഗുണനിലവാരത്തിനെ സാരമായി ബാധിക്കുവാൻ സാധ്യതയുണ്ടെന്നും പരാമർശം (9) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അംഗൻവാടി

കെട്ടിടനിർമ്മാണത്തിന് സൗജന്യമായി സ്ഥലം നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ അംഗൻവാടിയിൽ നിയമനം നൽകുന്നത് മുൻഗണനാക്രമത്തിൽ പത്താം സ്ഥാനമാണ്. സ്വന്തമായി സ്ഥലം ലഭിക്കാതെ പല അംഗൻവാടികളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ അംഗൻവാടി കെട്ടിടനിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നത് അത്യന്തം പ്രയോജനകരമായ കാര്യമായതിനാൽ ടി വിഭാഗക്കാർക്ക് നിയമനം ലഭിക്കുന്നതിന് അർഹമായ പ്രാധാന്യം ഉറപ്പു വരുത്തേണ്ടതുണ്ടെന്നും അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച് മുൻഗണനാക്രമത്തിൽ മാറ്റം വരുത്തിയാൽ മാത്രമേ മേൽ പരാമർശിക്കും പ്രകാരം ഭേദഗതി നടപ്പിൽ വരുത്തുവാൻ സാധിക്കുകയുള്ളുവെന്നും 29.08.2016 ൽ ബഹു.കേരള ഹൈക്കോടതി WP(C)No.5164/2012 ലും സമാന കേസുകളിലുമായി പുറപ്പെടുവിച്ച് വിധിന്യായം പാലിച്ചു കൊണ്ട് പരാമർശം (6) പ്രകാരം, സാമൂഹ്യനീതി ഡയറക്ടർ പുറപ്പെടുവിച്ച സർക്കുലർ 24.11.2015 വരെ മാത്രമെ പ്രസക്തിയുള്ളൂ എന്നതിനാൽ പുതുക്കിയ മുൻഗണനാക്രമം നിശ്ചയിക്കണമെന്നും പരാമർശം (9) പ്രകാരം വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (6) പ്രകാരമുള്ള സർക്കുലറിന് 24.11.2015 വരെ മാത്രമേ പ്രസക്തിയുള്ളൂ എന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ഡയറക്ടർ ശുപാർശ ചെയ്ത പ്രകാരം അംഗൻവാടി ജീവനക്കാരുടെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് മുൻഗണനാക്രമം ചുവടെ ചേർക്കും പ്രകാരം നിശ്ചയിച്ച് ഉത്തരവാകുന്നു.

1 അംഗൻവാടി ജീവനക്കാരിയായിരിക്കെ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നിയമനം
2 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് മൽസരിക്കാനായി അംഗൻവാടിയിൽ നിന്നും രാജിവെച്ചവർക്ക്
3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധിയായിരിക്കെ അംഗൻവാടിയിൽ നിയമന ഉത്തരവ് ലഭിച്ചവർക്ക്
4 പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷൻ പരിധിയ്ക്കകത്തുള്ള സ്ഥലംമാറ്റം (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട് തലം)
5 സീനിയോരിറ്റി ലിസ്റ്റിൽ നിന്നുള്ള നിയമനം
6 സെലക്ഷൻ ലിസ്റ്റിൽ നിന്നുള്ള നിയമനം
7 പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനുകളിൽ നിന്നുള്ള സ്ഥലംമാറ്റം
8 മറ്റ് പ്രോജക്ടുകളിൽ നിന്നുള്ള സ്ഥലംമാറ്റം

(3) പരാമർശം (9) ൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുള്ള പ്രകാരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനുകളിലെ (കോർപ്പറേഷൻ ഏരിയയിൽ പ്രോജക്ട്തലം)

അങ്കണവാടി തസ്തികയുടെ 25%, ¼ എന്ന കണക്കിൽ ഓരോ നാലാമത്തെ ഒഴിവും 10 വർഷം സ്ഥിര സേവനവും എസ്എസ്എൽസി/ പത്താംതരം ഇല്യതയും നേടിയിട്ടുള്ള ഹെൽപ്പർമാർക്ക് സ്ഥാനകയറ്റം നൽകി ആകെ തസ്തികയുടെ 25% ഹെൽപ്പർമാരിൽ നിന്നുള്ള സ്ഥാനക്കയറ്റം തികയുന്നത് വരെ നീക്കിവെച്ച് കൊണ്ടും, പരാമർശം (4) ഉത്തരവിലെ ഖണ്ഡിക 6(20) -ൽ ഭേദഗതി വരുത്തികൊണ്ടുള്ള പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 1(ii) ഭേദഗതി വരുത്തിയും, പരാമർശം (3) ഉത്തരവിലെ ഖണ്ഡിക 2(II) ഒഴിവാക്കിക്കൊണ്ടും ഉത്തരവാകുന്നു.മേൽഭേദഗതികളുടെ പരാമർശം (3), (5) സർക്കാർ ഉത്തരവുകൾ നിലനിൽക്കുന്നതാണ്. ഐ.സി.ഡി.എസ് പ്രോജക്ട് പരിധിയിലെ അംഗൻവാടി വർക്കറുടെയും ഹെൽപ്പറുടെയും ആകെ ഒഴിവിന്റെ 10% അംഗൻവാടിയ്ക്ക് ഭൂമി വിട്ടു നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ മാറ്റി വയ്ക്കേണ്ടതും പ്രോജക്ടിലെ വർക്കറുടെ/ഹെൽപ്പറുടെ ഒഴിവുകളുടെ ഓരോ പത്താമത്തെ ഒഴിവും (അപേക്ഷകർ ഉള്ള പക്ഷം) ടി വിഭാഗത്തിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്.

(4) അംഗൻവാടി ഹെൽപ്പർമാരിൽ നിന്നും വർക്കറായി സ്ഥാനകയറ്റം നൽകുന്നതും, (പഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപ്പറേഷനുകളിലെ ഒഴിവിന്റെ 25% എന്ന തോതിൽ ഓരോ നാലാമത്തെ ഒഴിവും) അംഗൻവാടി കെട്ടിടനിർമ്മാണത്തിനായി ഭൂമി സൗജന്യമായി നൽകിയവർക്കോ അവരുടെ ആശ്രിതർക്കോ നിയമനം നൽകുന്നതും, (പ്രോജക്ട് തലത്തിലുള്ള ഒഴിവുകളുടെ 10% എന്ന കണക്കിൽ ഓരോ പത്താമത്തെ ഒഴിവും) ടി മുൻഗണനാക്രമത്തിൽ നിന്നും ഒഴിവാക്കി പ്രത്യേകമായി പരിഗണിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ബിജു പ്രഭാകർ**
**സ്പെഷ്യൽ സെക്രട്ടറി**

വനിത ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ